"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കാസറഗോഡ് വികസന പാക്കേജ്-കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ സാമൂഹ്യസുരക്ഷാ മിഷൻ വഴി താത്കാലികാടിസ്ഥാനത്തിൽ നിയമിതരായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് 2024 ഏപ്രിൽ, മെയ് മാസങ്ങളിലെ ശമ്പളകുടിശ്ശിക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2/2026/P&EA തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. 15/10/2024 തീയതിയിലെ സ.ഉ (സാധാ) നം 373/2024/P&EA നമ്പർ ഉത്തരവ്
2. കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടറുടെ 20/03/2025 തീയതിയിലെ KSSM/1692/2022-P2 നമ്പർ കത്ത്
3. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 20/08/2025 തീയതിയിലെ SPB-AGRI/57/2025-AGRI നമ്പർ കത്ത്

<u>ഉത്തരവ്</u>

കാസറഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 2011-ൽ 25 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ ദേശീയ ആരോഗ്യ ദൗത്യം (നാഷണൽ ഹെൽത്ത് മിഷൻ -NHM) മുഖേന നിയമിച്ചിരുന്നു. 2017-18 സാമ്പത്തികവർഷം മുതൽ നാഷണൽ ഹെൽത്ത് മിഷന്റെ (NHM) ഫണ്ടിൽ നിന്നും വേതനം നൽകുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആണ് പ്രസ്തുത തുക വഹിച്ചുവന്നിരുന്നത്. തുടർന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം അനിവാര്യമാണെന്ന് കാസറഗോഡ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതനുസരിച്ച് 16 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ഇപ്രകാരം താത്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് 2023 ജൂൺ മുതൽ 10 മാസത്തെ വേതന തുകയായ 28,52,800/-രൂപ കാസറഗോഡ് വികസന പാക്കേജിന്റെ ശീർഷകത്തിൽ നിന്നും ഒറ്റത്തവണ മാത്രമായി അനുവദിക്കുവാൻ പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ (KSSM) വഴി താൽക്കാലിക നിയമനം നൽകിയ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് വേതനം നൽകുവാൻ ഫണ്ട് ഇല്ലാതിരുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് വഴി സേവനത്തിലെടുക്കണമെന്ന KSSM എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് 16 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ നിയമിച്ചിരുന്നതും പ്രസ്തുത ജീവനക്കാർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഭരണപരമായ ചെലവിൽ നിന്നും, തുടർന്ന്

കാസറഗോഡ് പാക്കേജിൽ നിന്നും 2023 മെയ് മാസം മുതൽ 2024 മാർച്ച് വരെ വേതനം നല്കിയിട്ടുള്ളതുമാണ് .

2) കാസറഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ താൽക്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന 16 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് 2024 ഏപ്രിൽ, മെയ് മാസങ്ങളിലെ വേതനകുടിശ്ശിക നൽകാനുണ്ടെന്നും ആയതിലേക്കായി 5,70,560/- രൂപ അനുവദിച്ചു നൽകണമെന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടർ പരാമർശം (2) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3) കാസറഗോഡ് ജില്ലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് കാസറഗോഡ് വികസന പാക്കേജ് വിഭാവനം ചെയ്തിരിക്കുന്നതെന്നും, എന്നിരുന്നാലും കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ താൽക്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന 16 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് 2024 ഏപ്രിൽ, മെയ് മാസങ്ങളിലെ ശമ്പളകുടിശ്ശികയായ 5,70,560/- രൂപ ഒരു പ്രത്യേക കേസായി പരിഗണിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായി 2025-26 സാമ്പത്തികവർഷത്തിൽ കാസറഗോഡ് വികസന പാക്കേജിൽ നിന്നും അനുവദിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് അറിയിക്കുകയുണ്ടായി .

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതമേഖലയിൽ താത്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന 16 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് 2024 ഏപ്രിൽ, മെയ് മാസങ്ങളിലെ ശമ്പള കുടിശ്ശികയായ 5,70,560/-രൂപ (അഞ്ചുലക്ഷത്തി എഴുപത്തിനായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) ഒരു പ്രത്യേക കേസായി പരിഗണിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായി കാസറഗോഡ് വികസന പാക്കേജിന്റെ ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വീണ എൻ മാധവൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം,തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസറഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ )/ഓഡിറ്റ് I /ഓഡിറ്റ് II ),കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ ,പൂജപ്പുര, തിരുവനന്തപുരം
ചീഫ് ,പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, കാസറഗോഡ് വികസന പാക്കേജ്
ജില്ലാ മെഡിക്കൽ ഓഫീസർ, കാസറഗോഡ്
പൊതുഭരണ (എസ് സി) വകുപ്പ് (31/12/2025 തീയതിയിലെ മന്ത്രിസഭായോഗ തീരുമാനം ഇനം നമ്പർ 3497 പ്രകാരം)

ധനകാര്യ വകുപ്പ്(2906425: EXP-B3/305/2024-Fin പ്രകാരം)
ആരോഗ്യ വകുപ്പ്(HFW-N1/63/2024-HEALTH പ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ (എ1) വകുപ്പ്
സാമൂഹ്യ നീതി വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ സഞ്ചയം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Alen Alphonse
Date: 03-01-2026 11:09:04
സെക്ഷൻ ഓഫീസർ